## പതിമൂന്നാം കേരള നിയമസഭ
### ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1452** **08.02.2013-ൽ മറുപടിക്ക്**

## ആലപ്പുഴ രണ്ടുവരി ബൈപ്പാസ് നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കെ. സദാശിവൻ: | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) ദേശീയ പാതയിൽ ആലപ്പുഴ രണ്ടു വരി ബൈപ്പാസ് കേന്ദ്ര - സംസ്ഥാന പങ്കാളിത്തത്തിൽ ഏറ്റെടുത്ത് നിർമ്മിക്കുമെന്ന ബജറ്റ് പ്രഖ്യാപനം നടപ്പിലാക്കുകയുണ്ടായോ; | (എ) ദേശീയ പാതയിൽ വരുന്ന ആലപ്പുഴ ബൈപ്പാസ്, എൻ.എച്ച്.ഡി.പി-യുടെ 3-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി 4 വരിയായി വികസിപ്പിക്കുന്നതിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം, ദേശീയപാതാ വികസന അതോറിറ്റിയെ ഏൽപ്പിച്ചിട്ടുള്ളതാണ്. നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിലേയ്ക്കായി പ്രസ്തുത ബൈപ്പാസിന്റെ 2 വരിപ്പാത നിർമ്മിക്കുന്നതിന് ചെലവാകുന്ന തുകയുടെ 50% സംസ്ഥാന സർക്കാർ വഹിക്കാം എന്ന നിർദ്ദേശം കേന്ദ്രത്തെ അറിയിക്കുകയും ഇതേ തുടർന്ന് കേന്ദ്രം ആലപ്പുഴ ബൈപ്പാസിന്റെ ബാക്കിയുള്ള രണ്ട് വരിപ്പാത മുൻഗണന നൽകി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം ദേശീയപാതാ വികസന അതോറിറ്റിയ്ക്ക് നൽകിയിട്ടുള്ളതുമാകുന്നു. |
| (ബി) ഇതിനായി സംസ്ഥാന ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിരുന്നത് ; തുക മുഴുവൻ ചെലവഴിക്കുകയുണ്ടായോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ? | (ബി) ഇതിനായി സംസ്ഥാന ബഡ്ജറ്റ് പ്രസംഗത്തിൽ 5 കോടി രൂപ വകയിരുത്തിയിരുന്നു. ഈ തുക ചെലവഴിച്ചിട്ടില്ല. ആലപ്പുഴ ബൈപ്പാസിന്റെ രണ്ടുവരിപ്പാത നിർമ്മാണത്തിന്റെ ഡി.പി.ആർ, ദേശീയപാതാ വികസന അതോറിറ്റിയുടെ കൺസൽട്ടന്റ് മുഖേന തയ്യാറാക്കി വരികയാണ്. ഇതിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതാണ്. |

**സെക്ഷൻ ഓഫീസർ**